**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4281.** **25.06.2018 ൽ മറുപടിയ്ക്ക്**

**ലഹരി വ്യാപാര നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അനുദിനം വളർന്ന് കൊണ്ടിരിക്കുന്ന ലഹരി വ്യാപാരം നിയന്ത്രിക്കുന്നതിന് സർക്കാരിന് സാധിക്കാതെ വരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി വ്യാപാരം നിയന്ത്രിക്കുന്നതിനും ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിനും എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നുണ്ട്. നിയമ വിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 41690 അബ്കാരി കേസുകളും 10929 എൻ.ഡി.പി.എസ് കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി 17.02.2018 ന് എറണാകുളം എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി വില്ലേജിലെ അത്താണിക്കരയിൽ നിന്നും 5.020 കിലോ ഗ്രാം MDMA (Methylenedioxy methamphetamine) എന്ന മയക്കുമരുന്ന് കണ്ടുപിടിച്ച് രണ്ട് പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്.<br>19.03.2018-ന് പാലക്കാട് എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ സ്ക്വാഡ് പാർട്ടി വാളയാറിൽവച്ച് മാരുതി ആൾട്ടോ കാറിൽ കടത്തിക്കൊണ്ടുവന്ന 36.562 കിലോഗ്രാം ഹാഷിഷ് ഓയിൽ കണ്ടുപിടിച്ചിട്ടുള്ളതാണ്. 25.05.2018-ന് തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിൽ വെച്ച് മാരുതി ആൾട്ടോ കാറിൽ കടത്തികൊണ്ടു വന്ന 10.202 കിലോഗ്രാം ഹാഷിഷ് ഓയിൽ കണ്ടുപിടിച്ച് മൂന്നുപേരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.<br>08.06.2018-ന് പാലക്കാട് ജില്ലയിലെ അട്ടപ്പാടി വനമേഖലയിൽ നട്ടു വളർത്തിയിരുന്ന 1064 കഞ്ചാവ് ചെടികൾ പാലക്കാട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ കണ്ടുപിടിച്ച് നശിപ്പിച്ചു. |
| (ബി) | 2018 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് വളപ്പിൽ വച്ച് കൈമാറാനായി കൊണ്ടു വന്ന 130 കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | 27/04/2018-ൽ മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുൻവശത്തുനിന്നും TN 09-BV-8624-ാം നമ്പർ Swift Car -ൽ കൊണ്ടുവന്ന 130.550 കിലോ ഗ്രാം കഞ്ചാവും അത് കടത്തിക്കൊണ്ടുവന്ന അഭിഷേക്, ശ്യാംരാജ്, നിതിൻ എന്നിവരെ അറസ്റ്റ് ചെയ്യുകയും അവർക്കെതിരെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 590/2018 u/s 20(b)(ii) C of NDPS Act പ്രകാരം കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസ്സിന്റെ അന്വേഷണം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്ത് ഒട്ടുമിക്ക നഗരങ്ങളിലും കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വിൽപനയും ഉപയോഗവും നിയന്ത്രിക്കുവാൻ കഴിയാത്ത വിധത്തിൽ വർദ്ധിച്ച് കൊണ്ടിരിക്കുന്ന സാഹചര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; | (സി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മയക്ക്മരുന്ന് കേസ്സുകളുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>കഴിഞ്ഞ രണ്ട് വർഷ കാലത്ത് 41,690 അബ്കാരി കേസ്സുകളും, 10,929 എൻ.ഡി.പി.എസ്. കേസ്സുകളും, 1,41,762 കോട്പ കേസ്സുകളും കണ്ടെടുത്തിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് ലഹരിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും അമർച്ച ചെയ്യുന്നതിനും കാണിക്കുന്ന ജാഗ്രതയുടെ തോതാണ്. ഇക്കാര്യത്തിൽ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും കാര്യക്ഷമമായി സംസ്ഥാനത്ത് എൻഫോഴ്സ്മെൻറ് പ്രവർത്തനം നടക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. |

| | | | |
|---|---|---|---|
| (ഡി) | ലഹരി വിമുക്ത കേന്ദ്രങ്ങളിൽ ചികിത്സക്ക് പ്രവേശിപ്പിക്കപ്പെടുന്നവരിൽ സ്കൂൾ കുട്ടികൾ വരെയുണ്ടെന്നുള്ള വെളിപ്പെടുത്തൽ ആശങ്കാജനകമാകയാൽ ലഹരി വ്യാപാരികളുടെ കേന്ദ്രങ്ങൾ സദാ നിരീക്ഷിക്കുന്നതിനും ഇവരെ നിയമത്തിന് മുന്നിൽ കൊണ്ട് വരുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇൻറലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സ്കൂൾ/കോളേജ് പ്രവർത്തനസമയത്ത് എക്സൈസ് ഉദ്യോഗസ്ഥൻമാർ സ്കൂൾ/കോളേജ് പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| | | |
|---|---|---|
| എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം | | 10929 |
| അറസ്റ്റ് ചെയ്യപ്പെട്ടവർ | | 11392 |
| കണ്ടുപിടിച്ച തൊണ്ടിമുതലുകൾ | കഞ്ചാവ് | 2596.9743 കി.ഗ്രാം |
| | കഞ്ചാവ് ചെടി | 2662 എണ്ണം |
| | കഞ്ചാവ് ലേഹ്യം | 125 ഗ്രാം |
| | കഞ്ചാവ് ബീഡി | 20 എണ്ണം |
| | കഞ്ചാവ് സിഗരറ്റ് | 87 എണ്ണം |
| | ഹാഷിഷ് ഓയിൽ | 60175.808 ഗ്രാം |
| | ഹെറോയിൻ | 536.380 ഗ്രാം |
| | ബ്രൗൺഷുഗർ | 329.080 ഗ്രാം |
| | എം.ഡി.എം.എ | 5132.670 ഗ്രാം |
| | എൽ.എസ്.ഡി | 7.474 ഗ്രാം |
| | കൊക്കെയിൻ | 11.005 ഗ്രാം |
| | ചരസ് | 562.047 ഗ്രാം |
| | ഓപ്പിയം | 4880 ഗ്രാം |
| | പോപ്പി ചെടി പൗഡർ | 450 ഗ്രാം |
| | മാന്ത്രിക കമിൾ | 79 ഗ്രാം |
| | കോടീൻ ഫോസ്റ്റേറ്റ് | 20.2 ലിറ്റർ |
| | ഡയസപാം | 188 ആംപ്യൂൾ |
| | പെന്റാസോസിൻ | 22 ആംപ്യൂൾ |
| | ബ്യൂപ്രിനോർഫിൻ | 178 ആംപ്യൂൾ |
| | മയക്ക് മരുന്ന് ഗുളികകൾ | 54929 എണ്ണം |
| | അൽപ്രാസോലം | 15 ഗ്രാം |
| | മോർഫിൻ | 50 ഗ്രാം |
| | ആംഫീറ്റമിൻ | 21.910 ഗ്രാം |
| | ഗ്യാരോയിൻ | 11.5 ഗ്രാം |
| | നാർക്കോട്ടിക് പൗഡർ | 103 ഗ്രാം |
| | പിടിച്ചെടുത്ത വാഹനങ്ങൾ | 3416 |

സെക്ഷൻ ഓഫീസർ